തീരദേശത്താണ് കേരളത്തിലെ സുപ്രസിദ്ധ ബീച്ചുകൾ സഥിതിചെയ്യുന്നത്. വേളി കായലിലെ അമ്യൂസ്മെന്റ് പാർക്ക്, വർക്കല ബീച്ച്, അഷ്ടമുടി കായൽ, ഫോർട്ട് കൊച്ചി, ചെറായി ബീച്ച് എന്നിങ്ങനെ ഡസൻ കണക്കിന് ബീച്ചുകൾ തീരദേശത്തിന്റെ തിലകക്കുറികളായി ടൂറിസ്റ്റുകളെ സ്വാഗതം ചെയ്യുന്നു. ഈ ബീച്ചുകളെ സംസ്ഥാന ഗവൺമെന്റ് ടൂറിസം വികസനവുമായി ബന്ധപ്പെടുത്തി ബീച്ച് അധിഷ്ഠിത മാനേജ്മെന്റിനുള്ള നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി പ്രത്യേക നിയമം കൊണ്ടുവരുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നടാടെയുള്ള ഈ നിർദ്ദേശം തള്ളിക്കളയരുത് എന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞു. You can continue next time.

ശ്രീ. പി.ടി.തോമസ്: അങ്ങയുടെ അഭ്യർത്ഥന മാനിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം.

[ചർച്ച തുടരും]

(3) 2004-ലെ കേരള ആത്മഹത്യാ നിർമ്മാർജ്ജന സംയോജിത പദ്ധതി പ്രാവർത്തികമാക്കൽ ബിൽ

(നോട്ടീസ് നൽകിയിരുന്ന അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(4) 2004-ലെ കേരള ഫിലിം റെപ്രസന്റേറ്റീവ്സ് ക്ഷേമനിധി ബിൽ

ശ്രീ. എ.കെ.ബാലൻ: സർ, 2004-ലെ കേരള ഫിലിം റെപ്രസെന്റേറ്റീവ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഫിലിം വർക്കേഴ്സ് ആന്റ് ഫിലിം റെപ്രസെന്റേറ്റീവ്സിന്റെ വിഭാഗത്തിൽപ്പെട്ടവർ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിന്ന് സഹായം ലഭിക്കാൻ സാദ്ധ്യതയുള്ള ആളുകളാണ്. അതോടൊപ്പം തന്നെ Conservation of Heritage Management Bill 2002 ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഒരു ബില്ലാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഞാൻ ഇതിനെ ഒപ്പോസ് ചെയ്യുന്നു.

ശ്രീ. എ.കെ. ബാലൻ: സർ, സിനിമാ വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കേരളത്തിൽ തന്നെ ഒമ്പത് സ്വകാര്യ ടി.വി. ചാനലുകളുണ്ട്. ഇതുവഴി നിരവധി സീരിയലുകൾ സംപ്രേക്ഷണം ചെയ്യുന്നുണ്ട്. ഒരു കാലത്ത് തിയേറ്ററിൽ പോയിരുന്നവർ ഇന്ന് സ്വന്തം വീടുകളിലിരുന്ന് സിനിമ കാണുകയാണ്. ഇതിൽ പ്രേക്ഷകർ വരെ ഉൾപ്പെടും. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഓരോ വീടുകളിലും എത്തിക്കുന്നതിൽ ഇവർ മത്സരിക്കുകയാണ്. കുട്ടികളുടെ മാനസിക

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയെ അപകടപ്പെടുത്തുകയാണ്. ഇതിന്റെ ഭാഗമായി സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധികൊണ്ട് ഏതാണ്ട് അയ്യായിരത്തോളം വരുന്ന ഫിലിം റെപ്രസെന്റേറ്റീവ്സും അവരുടെ കുടുംബാംഗങ്ങളും തൊഴിലില്ലായ്മയിലേക്കും പട്ടിണിയിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരു മാസത്തിൽ പരമാവധി ഒരു ആഴ്ചപോലും ഇവർക്ക് ജോലി ലഭിക്കുന്നില്ല. ബാക്കിയുള്ള ദിവസം തന്നെ 110 രൂപയാണ് ബത്തയായി ലഭിക്കുന്നത്. ഫിലിം കമ്പനികൾക്ക് റെപ്രസെന്റേറ്റീവ്സ് പതിനായിരം രൂപ കെട്ടിവയ്ക്കണം. ഡി.എ. കൊടുക്കുന്നില്ല. തീയേറ്ററിൽ നിന്ന് കമ്പനിയിലേക്ക് പോകാൻ മാത്രം വൺ സൈഡ് ടി.എ. ആണ് കൊടുക്കുന്നത്. യാതൊരു സേവന വേതന വ്യവസ്ഥയും അവർക്ക് ഇല്ല. ഇവർക്ക് ഒരു സംഘടനയുമില്ല. പകലോ രാത്രിയോ എന്നു നോക്കാതെ ജോലി ചെയ്യാൻ നിർബന്ധിക്കപ്പെടുന്നവരാണ് ഇവർ. ഇവർക്ക് പ്രത്യേകമായ വാഹന സൗകര്യമില്ല. മണിക്കൂറുകളോളം പെട്ടിയും തൂക്കിപ്പിടിച്ച് നിൽക്കുന്ന സ്ഥിതി കാണാം. ആലപ്പുഴ ജില്ലയിൽ പറവൂപ്പാട് കരുവാറ്റിൽ സെക്കൻഡ് ഷോ കഴിഞ്ഞ് വീട്ടിലേക്ക് പോകാൻ നിൽക്കുമ്പോഴാണ് പിടികിട്ടാപ്പുള്ളി സുകുമാരക്കുറുപ്പ് ഒരു ഫിലിം റെപ്രസെന്റേറ്റീവായ ചാക്കോയെ കാറിൽ കയറ്റിക്കൊണ്ടുപോയി കാറിലിട്ടുതന്നെ കൊലപ്പെടുത്തി പഞ്ചസാരയും മറ്റ് രാസവസ്തുക്കളും ഉപയോഗിച്ച് ശവശരീരം തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ ദഹിപ്പിച്ചത്. എന്നിട്ട് അത് സുകുമാരക്കുറുപ്പാണെന്നു വരുത്തി അദ്ദേഹത്തിന്റെ ഭാര്യ എൽ.ഐ.സി. ആനുകൂല്യങ്ങൾ വാങ്ങുകയും ചെയ്തു. അതിനു ശേഷമാണ് പാവപ്പെട്ട ഫിലിം റെപ്രസെന്റേറ്റീവുകളുടെ വേദനിപ്പിക്കുന്ന ജീവിത പ്രയാസങ്ങൾ ലോകം അറിഞ്ഞത്. സിനിമ റിറ്റായാൽ പരമാവധി 15 ദിവസം ജോലി കിട്ടും. അല്ലെങ്കിൽ മൂന്നോ നാലോ ദിവസം മാത്രമേ ഇവർക്ക് ജോലി ഉണ്ടാകൂ. ഇന്ന് റിറ്റാകുന്ന സിനിമകൾ വളരെ വളരെ കുറവാണ്. യഥാർത്ഥത്തിൽ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ വെറും അടിമകളാവുകയാണ് ഇവർ. ഒരു സ്ത്രീ പോലും ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ടിക്കറ്റ് ഇഷ്യൂ ചെയ്യുന്ന സമയത്തും അക്കൗണ്ട് ചെയ്യുന്ന സമയത്തും വളരെ കാര്യക്ഷമമായാണ് ഇവർ പ്രവർത്തിക്കുന്നത്. റെപ്രസെന്റേറ്റീവുകൾ വളരെ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടാണ് യഥാർത്ഥത്തിൽ ഫിലിം ഡിസ്ട്രിബ്യൂട്ടേഴ്സിന് സാമ്പത്തിക മെച്ചം ഉണ്ടാക്കാൻ കഴിയുന്നത്. 33 ശതമാനമാണ് തിയേറ്റർ ഉടമയ്ക്ക് കിട്ടുന്നത്. 33 ശതമാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതിയായി കിട്ടുന്നത്. 33 ശതമാനം ഡിസ്ട്രിബ്യൂട്ടേഴ്സിന് കിട്ടുന്നു. ആ തുകയിൽ നിന്നാണ് ഒരു ചെറിയ തുക കൊടുത്തിട്ട് ഈ ഫിലിം റെപ്രസെന്റേറ്റീവ്സിന് കൊടുക്കുന്നത്. ഇവർക്ക് ഒരു ക്ഷേമപദ്ധതിയും ഇല്ല. പത്ത് വകുപ്പുകളുള്ള ഈ ക്ഷേമപദ്ധതി സ്വയം വിശദീകരിക്കുന്നതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഫിലിം റെപ്രസെന്റേറ്റീവ്സിനും അവരുടെ ആശ്രിതർക്കും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്ന് ഈ ബില്ലിൽ പറയുന്നുണ്ട്. ഇതിൽ 50 രൂപ ഓരോ മാസവും ഫിലിം റെപ്രസെന്റേറ്റീവും തുല്യ തുക ഡിസ്ട്രിബ്യൂട്ടറും തുല്യ തുക ഗവൺമെന്റും നിധിയിലേക്ക് കൊടുക്കണമെന്നാണ് സെക്ഷൻ 3-ലും 4-ലും സൂചിപ്പിച്ചിട്ടുള്ളത്. സെക്ഷൻ-6 ആണ് ആനുകൂല്യത്തെ സംബന്ധിച്ച് പറയുന്നത്. ഫിലിം റെപ്രസെന്റേറ്റീവ്സിനും അവരുടെ ആശ്രിതർക്കും തൊഴിൽ സൗകര്യം ഉറപ്പുവരുത്തുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഫിലിം റെപ്രസെന്റേറ്റീവ്സിനും അവരുടെ ആശ്രിതർക്കും ചികിത്സാ ആനുകൂല്യങ്ങൾ, അപകട സഹായം ലഭ്യമാക്കുക, സാമ്പത്തികമായി പരാധീനതയുള്ള ഫിലിം റെപ്രസെന്റേറ്റീവ്സിനെ പുനരധിവസിപ്പിക്കുക, ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ച് അതിനുള്ള സഹായം ലഭ്യമാക്കുക, ഫിലിം റെപ്രസെന്റേറ്റീവ്സിന്റെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുക, അറുപത് വയസ്സ് തികഞ്ഞ ഫിലിം റെപ്രസെന്റേറ്റീവ്സിന് പെൻഷൻ ലഭ്യമാക്കുക, വാഹനങ്ങൾ വാങ്ങാൻ വായ്പാ സൗകര്യം ഉറപ്പുവരുത്തുക എന്നിവയാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. ഇത് അംഗീകരിക്കുന്നതിന് ഗവണ്മെന്റിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല എന്ന് വിശ്വസിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ : അങ്ങ് ആമുഖമായി സൂചിപ്പിച്ച ടി.വി. ചാനലുകളിലെ സീരിയലുകളുടെ വരവും ചാനലുകളുടെ വർദ്ധനവും ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകളെല്ലാം അടച്ചുപൂട്ടുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് ഉണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്. അത് ഗുരുതരമായി ബാധിക്കുന്നത് ഈ പറയുന്ന പാവപ്പെട്ട തുച്ഛവരുമാനക്കാരെയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ : വളരെ പ്രധാനപ്പെട്ടതാണ് ബഹുമാനപ്പെട്ട മെമ്പർ ടി.കെ. ദേവകുമാർ സൂചിപ്പിച്ചത്. പഞ്ചായത്തുകളിലുള്ള തിയേറ്ററുകളിലൊന്നും ആരും പോകുന്നില്ല. വീട്ടിലിരുന്നാൽ ടി. വി.-യിൽ ഇതൊക്കെ കാണാം.

ശ്രീ. സാജുപോൾ : സർ, നമ്മുടെ നാട്ടിൽ നിരവധി തിയേറ്ററുകൾ അടച്ചു പൂട്ടി. ഗ്രാമപ്രദേശങ്ങളിൽ ഇപ്പോൾ തീയേറ്റർ ഇല്ല. അതേസമയം പട്ടണപ്രദേശങ്ങളിലെ തിയേറ്ററുകൾ കല്യാണമണ്ഡപങ്ങളായി. ഇങ്ങനെയൊക്കെയാണെങ്കിലും ചില തിയേറ്ററുകളിൽ ഉച്ചപ്പടങ്ങൾക്ക് വൻ തിരക്ക് ഉണ്ടാകുന്നു. സിനിമ ആരംഭിച്ച് അൽപ്പ സമയത്തിനകം തന്നെ ജനങ്ങൾ തിരികെ പുറത്തേക്ക് ഒഴുകുകയും ചെയ്യുന്ന പ്രതിഭാസം കണ്ടുവരുന്നുണ്ട്. അത് എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ.കെ.ബാലൻ : വളരെ പ്രസക്തമായ ഒരു ചോദ്യം തന്നെയാണ്. ഉച്ചപ്പടത്തിന് ആൾക്കാർ വരുന്നു എന്നുള്ളതു തന്നെ നമ്മുടെ സാംസ്കാരിക രംഗത്തെ വലിയൊരു അധഃപതനത്തിന്റെ ഭാഗമാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വീടുകളിലും കുട്ടികളിലും എത്തിക്കുകയാണ്. രണ്ട് രൂപത്തിലുള്ള പ്രതിഭാസം ഇതിന്റെ ഭാഗമായി വരുന്നുണ്ട്. അതുകൊണ്ട് നല്ല ഗുണമുള്ള പടങ്ങൾ നിർമ്മാതാക്കൾ എടുക്കുന്നില്ല. ഇതൊക്കെ മനസ്സിൽ കണ്ടുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നത്. നിലവിലുള്ള ഒരു ക്ഷേമ പദ്ധതിയിലും ഫിലിം റെപ്രസെന്റേറ്റീവുകൾ പെടുന്നില്ല.

ശ്രീ. സി. കെ. നാണു : ഇവിടെ പുതിയ പടം ഇറങ്ങിയാലുടൻ തന്നെ അതിന്റെ വ്യാജ കാസറ്റുകൾ വ്യാപകമായതിന്റെ ഫലമായാണ് നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും തിയേറ്ററുകളിൽ സിനിമ കാണാനുള്ള ആൾക്കാരുടെ എണ്ണം കുറഞ്ഞത്. അത് പരിശോധിച്ച് പിടിച്ചെടുത്തതിന്റെ ഫലമായി വ്യാജ സി.ഡി.കൾ കുറച്ച് കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പടം ഇറങ്ങി ചുരുങ്ങിയത് രണ്ടു മാസം കഴിയും മുമ്പുതന്നെ അതിന്റെ വ്യാജ സി.ഡി. കാസറ്റ് ഇറങ്ങുകയില്ല എന്ന സ്ഥിതി വന്നാൽ ഗ്രാമങ്ങളിലെ തിയേറ്ററുകളിൽ വലിയ വർദ്ധനവുണ്ടാകും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ഫിലിം റെപ്രസെന്റേറ്റീവ്സിന് ക്ഷേമനിധി ഏർപ്പെടുത്തുക എന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. സി.ഡി. കാസറ്റ് ഉണ്ടാക്കുന്നത് കുറച്ചുപേരുടെ ജീവിത മാർഗ്ഗമാണ് എങ്കിലും പുതിയ സിനിമ വന്നാലുടൻ അതിന്റെ സി.ഡി. കാസറ്റ് വരുന്നത് ശരിയല്ല. ഈ രണ്ടുകൂട്ടരേയും ദ്രോഹിക്കാത്ത നിലയിൽ എന്തെങ്കിലും പരിഹാരം വന്നാൽ നന്നായിരിക്കും.

ശ്രീ. എ. കെ. ബാലൻ : സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധിയിൽ ഇത് ഒരു ഘടകം തന്നെയാണ്. സിനിമ റിലീസ് ചെയ്യുന്ന ദിവസം തന്നെ അതിന്റെ സി.ഡി. വീടുകളിൽ എത്തുകയാണ്. ശക്തമായി അതിനെ നേരിടുന്നതിന് ഗവണ്മെന്റ് തീരുമാനിച്ചു. ആദ്യം കുറച്ച് നീക്കങ്ങളുണ്ടായി. പക്ഷെ പിന്നീട് ആ രൂപത്തിൽ മുന്നോട്ട് പോയില്ല. സി.ഡി. യുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അധോവോകം അതേ രൂപത്തിൽ തന്നെ ഇപ്പോൾ റിലീസ് ചെയ്യുന്ന ദിവസം തന്നെ സി.ഡി. കൾ വീടുകളിൽ എത്തിക്കുന്ന പ്രവർത്തനം നടത്തിവരുന്നുണ്ട്. അശ്ലീലപടങ്ങൾ ഒരു നിയന്ത്രണവും മില്ലാതെ പ്രദർശിപ്പിക്കപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞു. You can continue next time. Please resume your seat.

[ചർച്ച തുടരും]

(5) 2004-ലെ കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ പിന്താങ്ങുന്നു.

ജവഹിരവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന്റെ ക്ഷേമനിധിക്കുവേണ്ടിയുള്ള ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഏൽപ്പിച്ചിട്ടുള്ള ഉദ്ദേശകാര്യങ്ങളുടെ വിവരണത്തിൽ തന്നെ അത് തള്ളാനുള്ള കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് നിരവധി പ്രശ്നങ്ങളുണ്ട്. അവർ ഒട്ടുമുക്കാലും പ്രൈവറ്റ് മേഖലയിൽ നിൽക്കുന്നവരാണ്. അതിനുള്ള സാമ്പത്തിക സ്ഥിതിയെപ്പറ്റി തിട്ടപ്പെടുത്താൻ ഇതുവരെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും; ഏത് രൂപത്തിൽ അത് ഗവൺമെന്റിനേയും സമൂഹത്തേയും ബാധിക്കും എന്നുള്ളതിനെക്കുറിച്ച് അറിയില്ല. മാത്രമല്ല, സ്വകാര്യ മേഖലയിലാണ് നിൽക്കുന്നത് എന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഇന്റർഫിയറൻസിന് ചില പരിമിതികളുണ്ട്. ഇക്കാരണങ്ങൾ കൊണ്ട് അദ്ദേഹം പറഞ്ഞ സ്പിരിട്ടിനെ ഉൾക്കൊള്ളുന്നു, പക്ഷേ ഇമ്മീഡിയറ്റായി ഇങ്ങനെ ഒരു നിയമം പാസ്സാക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഇതിനെ ഓപ്പോസ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly